# COMMISSION FOR CATECHETICS

*(Archeparchy of Kottayam)*


**Rev. Dr. Bressan Ozhungalil**
**Chairman**
**E-Mail:frbressanj@gmail.com**
**Mob: 9495080049**

**Knanaya Catholic Chaithanya Pastoral Centre**
**Thellakom P.O., Kottayam- 686 630**
**Phone : 0481 - 2791098**
**E-Mail:catechismktm@gmail.com**


# STD IV

പാഠം 2

## സഭയിലൂടെ ജീവൻ നൽകുന്ന ഈശോ

ഭാഗം 1

1. സഭാശരീരത്തിന്റെ ശിരസ്സ് ആരാണ്?
മിശിഹാ

2. ഈശോയിൽ വിശ്വസിച്ച് അവിടുത്തെ വചനം അനുസരിച്ച് ജീവിക്കുന്നവരുടെ സമൂഹം ഏതാണ്?
തിരുസഭ

3. കൂദാശകളിലൂടെ ഈശോ തന്റെ ....................... നമുക്ക് നൽകുന്നു
ദൈവിക ജീവൻ

4. ............ ശരീരത്തോടും അതിലെ അവയവങ്ങളോടും ഉപമിക്കാവുന്നതാണ്
തിരുസഭയെ

5. ഓരോരുത്തരുടെയും ദൗത്യം അർത്ഥവത്താകുന്നത് ആരോട് ചേർന്ന് നിൽക്കുമ്പോഴാണ്?
ശിരസ്സായ മിശിഹായോട്

6. ശരീരത്തിലെ അവയവങ്ങളെപ്പോലെയാണ് മിശിഹായുടെ ശരീരമാകുന്ന സഭയിലെ അംഗങ്ങൾ എന്നു പറയുന്നത് എന്തുകൊണ്ട്?
ശരീരത്തിലെ അയവയവങ്ങളുടെ ധർമ്മങ്ങൾ വ്യത്യസ്തമായിരിക്കുന്നതുപോലെ സഭയിലെ അംഗങ്ങളുടെ ദൗത്യങ്ങളും വ്യത്യസ്തങ്ങളാണ്.

7.സഭയിലെ ഓരോരുത്തരുടെയും ദൗത്യങ്ങൾ അർത്ഥവത്താകുന്നത് എപ്പോഴാണ്
ശിരസായ മിശിഹായോടു ചേർന്നു നിൽക്കുമ്പോഴും മറ്റ് അംഗങ്ങളോടു സഹകരിച്ചു പ്രവർത്തിക്കുമ്പോഴുമാണ്.

8. നമുക്ക് ദൈവീകജീവൻ ആവശ്യമുണ്ടോ? എന്തുകൊണ്ട്?
നമുക്ക് ദൈവികജീവൻ ആവശ്യമാണ്. കാരണം, ഈശോയോടു ചേർന്നു നിന്ന് നമ്മുടെ ദൗത്യം നിർവ്വഹിക്കുവാനും സഹോദരങ്ങളോടുള്ള കൂട്ടായ്മയിൽ വളരുവാനും.

9. ഈശോ സഭയിൽ ജീവിക്കുകയും സഭയിലൂടെ പ്രവർത്തിക്കുകയും ചെയ്യുന്നത് എന്തിനു വേണ്ടിയാണ്?
എല്ലാ മനുഷ്യരെയും ദൈവികജീവനിൽ പങ്കുകാരാക്കുവാൻ

10. 1 കൊറി. 12:12 എഴുതുക
"ശരീരം ഒന്നാണെങ്കിലും അതിൽ പല അവയവങ്ങളുണ്ട്. അവയവങ്ങൾ പലതെങ്കിലും അവയെല്ലാം ചേർന്ന ഏകശരീരമായിരിക്കുന്നു."